# Week-3

# Shadow of the anointment of the Holyspirit- Jerusalem

***പരിശുദ്ധാത്മാഭിഷേകത്തിന്റെ നിഴൽ-യെറുശലേം)***




ഒരു ഉല്ലാസയാത്രാസംഘം പവിഴങ്ങളും മുത്തുച്ചിപ്പികളും അടങ്ങിയ ഒരു ദ്വീപിലേക്ക് കടലിലൂടെ യാത്ര ആരംഭിച്ചു. ദൂരെ ദ്വീപുകണ്ട അവർക്ക് അതിനോട് അടുക്കുവാൻ ബോട്ട് ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥനേരിട്ടു കടലിന് ആഴം കുറവായതിനാൽ ദ്വീപിലെത്തുവാൻ ഇനി നീന്തിയാലേ കഴിയുകയുള്ളു എന്ന അവസ്ഥയിലായി നിരാശരായ അവരോട് ആശ്വാസത്തിന്റെ വാക്കുകൾ പറഞ്ഞ ഒരു വ്യക്തി അവരുടെ കുട്ടത്തിലുണ്ടായിരുന്നു. മടങ്ങിപ്പോകുവാൻ പലരും തയാറായി. അവരോട് ആ വ്യക്തി ഇപ്രകാരം പറഞ്ഞു "സുഹൃത്തുക്കളേ ! ലക്ഷ്യം നേടുവാൻ ത്യാഗം സഹിച്ചേ മതിയാക്കുകയുള്ളു. പ്രതികൂലം കണ്ട് പിൻമാറുകയല്ല മുൻപോട്ട് പോകുകയാണ് വേണ്ടത്" ഇതുപോലെ ആത്മീയ ലക്ഷ്യം പൂർത്തീകരിക്കുവാൻ ദൈവം നമ്മെ വിളിച്ചിറക്കുമ്പോൾ നിശ്ചയമായും പ്രതിബന്ധങ്ങൾ ഉണ്ടാകാം. ഇവിടെ പതറുകയല്ല വേണ്ടത് ദൈവമുഖത്തേക്ക് നോക്കി നമ്മുടെ യാത്രതുടരാം പ്രതികൂലങ്ങളിൽ കൂടെയാണ് ദൈവം തന്റെ ഹിതം വെളിപ്പെടുത്തുന്നത്.

സുവിശേഷത്തിന്റെ ലജ്ജയില്ലാത്ത ധൈര്യശാലികളായ സാക്ഷികളാക്കി മാറ്റുക എന്ന ലക്ഷ്യം പ്രവർത്തികമാക്കുവാൻ ഉയർത്തെഴുന്നേറ്റ യേശു നാലുകാര്യങ്ങൾ ചെയ്തു ഈ നിർദ്ദേശങ്ങൾ തന്നെയാണ് യേശുവിന് നമ്മോടും പറയാനുള്ളത് അതിനാൽ അവ നമുക്ക് ശ്രദ്ധിക്കാം

(1)ഭയവിഹ്വലരായ ശിഷ്യന്മാരുടെ നടുവിലെത്തി താൻ ഉയർത്തെഴുന്നേറ്റു എന്ന് വ്യക്തമാക്കുന്നു. Read ലൂക്കോ : 24:36-43,45-49, Act 1:1—3

(2) യെറുശലേമിൽ നിന്ന് വാങ്ങിപ്പോകരുതെന്ന് നിർദ്ദേശിച്ചു.

- അപ്പോ: പ്രവ:(1:4a)

(3) പിതാവിന്റെ വാഗ്ദത്തിനായി കാത്തിരിക്കേണം

- അപ്പോ: പ്രവ:(1:4b)

(4) യെറുശലേമിൽ പാർത്ത് ശക്തിപ്രാപിച്ച് സാക്ഷികളാകണം

- അപ്പോ: പ്രവ:1:8

എന്തിനെയാണോ ശിഷ്യന്മാർ ഭയക്കുന്നത് ആ സാഹചര്യങ്ങളെ അതിജീവിച്ച് ആ ഭയത്തെ മറികടന്നാലേ സുവിശേഷവേലയിൽ ശക്തിയോടെ നില്പാൻ കഴിയുകയുള്ളു ആത്മാവിന്റെ വ്യാപാരം അവരിലുണ്ടായാൽ ആർക്കും അവരെ ഭയപ്പെടുത്തുവാൻ കഴിയുകയില്ല എന്ന് യേശുവിന് അറിയാമായിരുന്നു. അവർ അവിടെത്തനെ പാർക്കേണം എന്ന് ഉയർത്തെഴുന്നേറ്റ ഗുരുതന്നെയാണ് ആവശ്യപ്പെട്ടത്. അപ്രകാരം യേശു പറയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

(1) ക്രിസ്തുവിനെ തല്ലുകയും പരിഹസിക്കുകയും ചെയ്ത ദേശം

- ലൂക്കോ :22:63-65

(2) ദുഷ്ടന്മാർ നീതിമാന്റെ രക്തം ചൊരിയിച്ച സ്ഥലം

- യോഹ :19:2,34

(3) ക്രൂശീകരണവും, മരണശേഷം അടക്കിയകല്ലറയും ഉള്ള - സ്ഥലം

യോഹ :19:18-19,40-41

(4) മൂന്നാംനാൾ. ഉയർത്തെഴുന്നേറ്റ നീതിമാന്റെ തുറന്നുകിടക്കുന്ന കല്ലറയുള്ള സ്ഥലം - യോഹ 24:3

(5) പുനരുത്ഥാനം ചെയ്ത സ്ഥലം - അപ്പോ : പ്രവ 1:9 ഈ കാരണങ്ങൾ കൊണ്ടാകാം കാത്തിരിപ്പിനായി ഈ സ്ഥലം തന്നെ യേശു തിരഞ്ഞെടുത്തത് . ഒരു ദൈവ പൈതലിനെ ശത്രു എവിടെ വച്ച് തകർത്തോ അവിടെ നിന്ന് ഉയർത്തുക എന്നതാണ് ദൈവേഷ്ടം. നിന്ദിച്ചവരുടെ മുൻപിൽ മാനിച്ച് നടത്തുന്ന ഒരു വലിയ ദൈവം തന്റെ സാന്നിദ്ധ്യം നൽകുന്നതിനാൽ യെറുശലേമിൽ തന്നെ പാർക്കുവാൻ നമുക്കും തീരുമാനിയ്ക്കാം. ഉദാ: മോർദ്ദേഖായി -

എസ്ഥേ :3:2-6, 8-11, 5:14

## *പിതാവ് വാഗ്ദത്തം ചെയ്തത് പ്രാപിപ്പാൻ നാം എന്തു ചെയ്യണം*

### (1) *യെറുശലേമിൽ കാത്തിരിപ്പാനുള്ള മനസ്സ്*

ആധുനീകലോകം അക്ഷമയുള്ളവരുടേതാണ് അക്ഷമ അശ്രദ്ധകൊണ്ടുവരുന്നു. ഇന്ന് എല്ലാമേഖലകളിലെയും തകർച്ചയുടെ കാരണം അശ്രദ്ധയാണ്. ഒരാളുടെ അശ്രദ്ധമറ്റുപലരേയും വേദിനിപ്പിക്കുന്നു. ഇതുപോലെയാണ് ആത്മീക ജീവിതത്തിലും ഒരാളുടെ അശ്രദ്ധ കാത്തിരിപ്പിലുണ്ടായാൽ അത് മറ്റ് പലരേയും വേദനിപ്പിക്കുന്നു മാളികമുറിയിൽ കൂടിവന്നവർ ഒരുമനസ്സോടെയാണ് കാത്തിരുന്ന് പ്രാർത്ഥിച്ചത്. ദൈവസന്നിധിയിൽ ജനം അശ്രദ്ധരാകാതെ കാത്തിരുന്ന് പ്രാർത്ഥിപ്പാൻ സഭ ശ്രദ്ധിക്കേണ്ടതാണ്. (അപ്പോ: പ്രവ: 1:14)

### *(2) കുറവുകൾ നികത്തുവാനുള്ള മനസ്സ്.*

ഒരു മനസോട് പ്രാർത്ഥിപ്പാൻ ദൈവസന്നിധിൽ അഥവാ യെറുശലേമിലെത്തുന്നവർ കുറവുകൾ വ്യക്തിപരമായും കൂട്ടമായുമുള്ള കുറവുകൾ നികത്തിയിരിക്കണം. ഒരു മനസോട് പ്രാർത്ഥിപ്പാൻ കൂടിയപ്പോൾ ശിഷ്യന്മാരും ആദ്യം അതാണ് ചെയ്തത് അപ്പോ: പ്രവ: 1:15,23 ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ശുദ്ധീകരണമാകയാൻ കുറവുകൾ നികത്തി പശ്ചാത്താപത്തോടെ ശുദ്ധീകരണം പ്രാപി

ക്കണം. ഇപ്രകാരം ഒരുക്കപ്പെട്ടവരായി പ്രാർത്ഥിക്കുമ്പോൾ ആത്മപകർച്ച നടക്കുന്നു അപ്പോ:പ്രവ: 10:2,4,22

***(3) ശക്തിപ്രാപിച്ചുള്ള തുടക്കം***

യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത് യോഹന്നാന്റെ കൈക്കീഴിൽ സ്നാനം ഏറ്റ് ആത്മനിറവ് ലഭിച്ചശേഷമാണ് യേശു ചെയ്യുന്ന പ്രവർത്തികളെപ്പറ്റി യോഹന്നാൻ സ്നാപകൻ തന്നെ ലൂക്കോ : 3:16 ൽ വ്യക്തമാക്കുന്നു . അതുപോലെ ശിഷ്യന്മാരും പരിശുദ്ധാത്മശക്തി പ്രാപിച്ചശേഷമാണ് വേല ചെയ്യേണ്ടത് അപ്രകാരം സംഭവിക്കുകയും ചെയ്തു അപ്പോ :2:1-5

ദൈവരാജ്യം യേശു ക്രിസ്തുവിൽ വന്നുകഴിഞ്ഞു സത്യസുവിശേഷം ഏത് പ്രതികൂലത്തിലും പരത്തുവാൻ നമ്മെ സഭശക്ത്തരാക്കണമെങ്കിൽ നാം യെറുശലേമിലെത്തി അടങ്ങിപ്പാർക്കണം പ്രീയരേ ! പല വിഷയങ്ങൾക്കായി നാം പ്രാർത്ഥിക്കാറില്ലേ? ആ വിഷയങ്ങൾ ശുദ്ധമനസ്സോടെ ആത്മനിറവിൽ പ്രാർത്ഥിച്ചാൽ തക്ക സമയത്ത് ദൈവം പ്രാർത്ഥിക്കും ദൈവദാസന്മരുടെ കൈവയ്പിനാലും പ്രാർത്ഥനയാലും യെറുശലേമിലെത്തുന്നവരെല്ലാം പരിശുദ്ധാത്മശക്തിയിലാകണം. നിങ്ങളെ ലോക മനുഷ്യർ പരിഹസിക്കുമ്പോൾ നിങ്ങൾ ഭയപ്പെടേണ്ട യെറുശലേമിന്റെ നന്മയെ നീ കാണും എന്ന് വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. പരിശുദ്ധാത്മദാനം സഭയിൽ ലഭിച്ച് എല്ലാവരും അനുഗ്രഹീതരാകുവാൻ ദൈവം സഹായിക്കട്ടെ.


***ശാന്തമ്മ വർഗ്ഗീസ്***

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg